പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ :2564 — 18.02.2016-ലെ മറുപടിയ്ക്ക്

## റാന്നിയിൽ നടപ്പാക്കിയ ടൂറിസം പദ്ധതികൾ

| ചോദ്യം<br>ശ്രീ.രാജു എബ്രഹാം | ഉത്തരം<br>ശ്രീ.എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
|---|---|
| (എ) റാന്നി നിയോജക മണ്ഡലത്തിലെ മണിയാർ കേന്ദ്രമാക്കി നടപ്പാക്കാനുദ്ദേശിക്കുന്ന ടൂറിസം പദ്ധതിയുടെയും പെരുന്തേനരുവി കേന്ദ്രമാക്കി നടപ്പാക്കുന്ന പെരുന്തേനരുവി ടൂറിസം പദ്ധതിയുടെയും ഇപ്പോഴത്തെ അവസ്ഥ വിശദമാക്കുമോ; | (എ) മണിയാർ ടൂറിസം പദ്ധതിയുടെ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങളിൽ ലാന്റ് സ്കേപ്പ്, ടോയ്‌ലറ്റ് ബ്ലോക്ക്, കോംമ്പൗണ്ട് വാൾ, പവലിയൻ എന്നിവ പൂർത്തീകരിച്ചു. ഇതിൽ വൈദ്യുത-ജല സംവിധാനങ്ങൾ, പെയിന്റിംഗ് എന്നിവ പൂർത്തീകരിക്കാനുണ്ട്. പെരുന്തേനരുവി ടൂറിസം പദ്ധതിയിൽ ഒന്നും രണ്ടും ഘട്ട പണികൾ എല്ലാം പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) ഓരോ പദ്ധതിക്കുവേണ്ടിയും ഇതേവരെ അനുവദിക്കപ്പെട്ടതും ചെലവാക്കിയതുമായ തുക എത്ര; ഇതുപയോഗിച്ച് ഓരോ ഇടങ്ങളിലും നടപ്പാക്കിയ പദ്ധതികൾ എന്തൊക്കെ; വ്യക്തമാക്കാമോ; | (ബി) പെരുന്തേനരുവി പദ്ധതിക്കായി ഒന്നാം ഘട്ടത്തിൽ 97,12,800/- രൂപയും രണ്ടാംഘട്ടത്തിൽ 75,85,000/- രൂപയും അനുവദിക്കുകയും അതിൽ 1,00,45,740/-രൂപ പദ്ധതിക്കായി ചെലവഴിക്കുകയും ചെയ്തു. സിഡ്കോയ്ക്കാണ് പദ്ധതിയുടെ നിർമ്മാണ ചുമതല. |
| (സി) മണിയാർ ടൂറിസം പദ്ധതിയുടെ പ്രവർത്തനം മുടങ്ങാനിടയായ സാഹചര്യം എന്ത് ; ഇതിന്റെ നിർമ്മാണം പുനരാരംഭിയ്ക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (സി) വൈദ്യുത-ജല സംവിധാനങ്ങൾ, പെയിന്റിംഗ് എന്നിവ പൂർത്തീകരിക്കാനുണ്ട്. ഇത് ലഭ്യമാക്കുന്നതിന് ജലസേചന വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

(ഡി) പെരുന്തേനരുവി പദ്ധതിയിൽ ഇനിയും എന്തൊക്കെ പ്രവർത്തനങ്ങളാണ് പൂർത്തീകരിക്കാനുള്ളത്; വിശദാംശം വെളിപ്പെടുത്താമോ ?

(ഡി) പെരുന്തേനരുവി ടൂറിസം പദ്ധതിയിൽ ഒന്നും രണ്ടും ഘട്ടമായുള്ള എല്ലാ കമ്പോണന്റുകളും പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ വൈദ്യുത-ജല സംവിധാനങ്ങളും ലഭ്യമാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ